# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2914 — 20/12/2012 -ൽ മറുപടിക്ക്

## സ്കൂൾ - കോളേജ് അദ്ധ്യാപകർക്കുള്ള ഡ്രസ്സ് കോഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ<br>ശ്രീ. റ്റി.വി. രാജേഷ്<br>ശ്രീ. പി.റ്റി.എ. റഹീം<br>ശ്രീ. സാജു പോൾ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂൾ - കോളേജ് അദ്ധ്യാപകർക്ക് ഡ്രസ്സ് കോഡ് നിലവിലുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (എ) സംസ്ഥാനത്തെ സ്കൂൾ അദ്ധ്യാപകർക്ക് ഡ്രസ്സ് കോഡ് നിശ്ചയിച്ചിട്ടില്ല. കോളേജ് അദ്ധ്യാപകരുടെ ഡ്രസ്സ് കോഡ് സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. |
| (ബി) മലപ്പുറം ജില്ലയിലെ അരീക്കോട് ജംഇയ്യത്തുൽ മുജാഹിദ്ദീൻ ട്രസ്റ്റിന്റെ കീഴിലുള്ള സുല്ല മുസ്സല്ലാം ഓറിയന്റൽ ഹൈസ്കൂളിലെ ഒരു അദ്ധ്യാപികയെ പച്ച ഓവർകോട്ട് ധരിക്കാത്തതിന്റെ പേരിൽ സ്കൂളിൽ നിന്നും സസ്പെന്റ് ചെയ്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഈ നടപടി വിദ്യാഭ്യാസ ചട്ടം അനുസരിച്ചാണോ; സസ്പെന്റ് ചെയ്തതാരാണ് ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അച്ചടക്ക നടപടിയുടെ ഭാഗമായി ശ്രീമതി. കെ. ജമീല എന്ന അദ്ധ്യാപികയെ സസ്പെന്റ് ചെയ്യുന്നു എന്നാണ് മാനേജരുടെ സസ്പെൻഷൻ ഉത്തരവിൽ പറഞ്ഞിരിക്കുന്നത്. വിദ്യാഭ്യാസചട്ടം അനുസരിച്ച് സസ്പെന്റ് ചെയ്യുന്നതിനുള്ള അവകാശം മാനേജർക്കുണ്ട്. |
| (സി) അദ്ധ്യാപികയെ സസ്പെൻറ് ചെയ്തത് എന്ന് ; എത്ര കാലത്തേക്കാണ് സസ്പെന്റ് ചെയ്തത് ; കാലാവധിക്കു ശേഷം തിരിച്ചെടുക്കുകയുണ്ടായോ; ഇവരെ തിരിച്ചെടുക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഉത്തരവ് നൽകിയിരുന്നോ ; ഈ ഉത്തരവ് | (സി) 20-10-12 തീയതിയിലാണ് അദ്ധ്യാപികയെ സസ്പെന്റ് ചെയ്തത്. എത്ര കാലത്തേക്ക് സസ്പെന്റ് ചെയ്യുന്നു എന്ന് ഉത്തരവിൽ പറയുന്നില്ല. വണ്ടൂർ ജില്ലാ വിദ്യാഭ്യാസ ഓഫീസർ തെളിവെടുപ്പ് നടത്തിയ ശേഷം സസ്പെൻഷൻ ആധാരമായ വസ്തുതകൾ നിലനിൽക്കുന്നതല്ല എന്ന് കണ്ടതിനാൽ സസ്പെൻഷൻ ഉത്തരവ് റദ്ദുചെയ്ത് |

| | | | |
|---|---|---|---|
| | റദ്ദാക്കുകയുണ്ടായോ ; കാരണം വിശദമാക്കുമോ ; | | അദ്ധ്യാപികയെ ജോലിയിൽ തിരികെ പ്രവേശിപ്പിക്കുവാൻ നിർദ്ദേശം നൽകി. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് റദ്ദുചെയ്തിട്ടില്ല. |
| (ഡി) | ഇതു സംബന്ധിച്ച് അദ്ധ്യാപികയുടെ പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്മേൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ; | (ഡി) | ഉണ്ട്, മാനേജരുടെ നടപടി സംബന്ധിച്ച് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ അന്വേഷണം നടത്തുകയും അദ്ധ്യാപികയെ തിരികെ ജോലിയിൽ പ്രവേശിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു. ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് നടപ്പാക്കുന്നതിനെതിരെ മാനേജർ സർക്കാരിൽ പരാതി സമർപ്പിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരെ കേട്ടിട്ട് തീരുമാനം കൈക്കൊള്ളാൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. |
| (ഇ) | പ്രസ്തുത സ്കൂളിൽ അദ്ധ്യാപികമാർ പച്ചക്കോട്ട് ധരിക്കണമെന്ന തീരുമാനമെടുത്തത് ആരാണ്; ഇങ്ങനെ തീരുമാനമെടുക്കുന്നതിന് അവർക്ക് അധികാരമുണ്ടോ; | (ഇ) | അദ്ധ്യാപികമാർ സാരിക്ക് മുകളിൽ കോട്ട് ധരിക്കണമെന്ന് സ്റ്റാഫ് മീറ്റിംഗിൽ തീരുമാനിക്കുകയാണുണ്ടായത്. ഡ്രസ്സ് കോഡ് നിലവിലില്ലാത്തതിനാൽ ഈ തീരുമാനം നിയമ വിരുദ്ധമാണ്. |
| (എഫ്) | കെ.ഇ.ആർ. പ്രകാരം എയ്ഡഡ് സ്കൂളിലെ അദ്ധ്യാപികമാർക്ക് പ്രത്യേക വേഷം നിഷ്ക്കർഷിക്കുന്നുണ്ടോ; എങ്കിൽ അത് എന്താണ് ; അദ്ധ്യാപികയോട് പച്ചക്കോട്ട് ധരിക്കാൻ ആവശ്യപ്പെട്ടത് ചട്ടപ്രകാരമാണോ; സ്കൂളിലെ എല്ലാ അദ്ധ്യാപികമാർക്കും ഈ തീരുമാനം ബാധകമാക്കിയിരുന്നോ ; | (എഫ്) | ഇല്ല. എല്ലാവരും ഒരേ നിറത്തിലുള്ള കോട്ട് ധരിക്കണമെന്നാണ് ഹെഡ്മാസ്റ്റർ നിഷ്കർഷിച്ചത്. ഡ്രസ്സ് കോഡ് നിലവിലില്ലാത്തതിനാൽ ഇത് നിയമവിധേയമല്ല. |

| | |
|---|---|
| (ജി) ചട്ടവിരുദ്ധമായി പ്രവർത്തിച്ച സ്കൂൾ മാനേജ്മെന്റിനും പ്രിൻസിപ്പലിനുമെതിരെ നടപടിയെടുക്കാൻ തയ്യാറാകുമോ ? | (ജി) ചട്ടവിരുദ്ധമായി സ്കൂൾ മാനേജ്മെന്റും പ്രധാനാദ്ധ്യാപികയും പ്രവർത്തിച്ചതായി ബോധ്യപ്പെട്ടാൽ നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ